"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - നഴ്സിംഗ് അധ്യാപക വിഭാഗം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ നഴ്സിംഗ് കോളേജുകളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം നിലനിർത്തുന്നതിനായി ബോണ്ടഡ് ലക്ചറർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1976/2024/H&FWD തീയതി,തിരുവനന്തപുരം, 17-08-2024

പരാമർശം:- 1. സ.ഉ (സാധാ) നം. 1345/2023/ആ.കു.വ തീയതി 05.06.2023.

2. സ.ഉ (കൈ) നം. 151/2024/ആ.കു.വ തീയതി 11.07.2024.

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 29.07.2024, 08.08.2024 തീയതികളിലെ മെ.വി.വ/4103/2024-ബി9 നമ്പർ കത്ത്.

ഉത്തരവ്

നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡ പ്രകാരമുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം നിലനിർത്തുന്നതിന്റെ ഭാഗമായി 2022-23 അധ്യയന വർഷം മുതൽ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അഡ്മിഷൻ നേടി വിജയകരമായി എം.എസ്.സി നേഴ്സിംഗ് പൂർത്തിയാക്കുന്നവർക്ക് ഒരു വർഷം ബോണ്ടിന്റെ അടിസ്ഥാനത്തിലുള്ള നിർബന്ധിത ടീച്ചിംഗ് ഇന്റേൺഷിപ്പ് നടപ്പിലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അധ്യാപക വിദ്യാർത്ഥി അനുപാതം നിലനിർത്തുന്നതിനായി നിലവിൽ 14 സർക്കാർ നേഴ്സിംഗ് കോളേജുകളിലുമായി 160 ബോണ്ടഡ് ലക്ചറർമാരുടെ ആവശ്യകത ഉള്ളതായും 2022-23 അധ്യയന വർഷം എം.എസ്.സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾ 2024 നവംബർ മാസത്തിൽ മാത്രമെ കോഴ്സ് പൂർത്തിയാക്കുകയുള്ളൂവെന്നതിനാൽ ടി വിദ്യാർത്ഥികളെ നിർബന്ധിത ടീച്ചിംഗ് ഇന്റേൺഷിപ്പിന് ലഭിക്കുന്നതുവരെ അധ്യാപക വിദ്യാർത്ഥി അനുപാതം നിലനിർത്തുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ സർക്കാർ കോളേജുകളിൽ നിന്നും എം.എസ്.സി (നഴ്സിംഗ്) വിജയിച്ച നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവരെയും ഇവരുടെ അഭാവത്തിൽ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിൽനിന്നും എം.എസ്.സി (നഴ്സിംഗ്) വിജയിച്ച നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവരെയും പരിഗണിച്ച് 160 പേരെ ബോണ്ടഡ് ലക്ചറർമാരായി നിയമനം നടത്താൻ അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിൽ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ നേഴ്സിംഗ്

കൗൺസിൽ അനുശാസിക്കുന്ന അധ്യാപക വിദ്യാർത്ഥി അനുപാതമായ 1:10 ഒരു സന്ദർഭത്തിലും മറികടന്ന് ബോണ്ടഡ് ലക്ചറർമാരെ അധികമായി നിയമിക്കാൻ പാടില്ലായെന്ന കർശന ഉപാധിയോടെ 2022-23 അധ്യയന വർഷം എം.എസ്.സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയ വിദ്യാർത്ഥികളെ നിർബന്ധിത ടീച്ചിംഗ് ഇന്റേൺഷിപ്പിന് ലഭിക്കുന്നതുവരെയോ പരാമവധി ഒരു വർഷത്തേക്കോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് എന്നതിനെ അടിസ്ഥാനമാക്കി നിയമന കാലയളവ് നിശ്ചയിച്ച് സർക്കാർ നേഴ്സിംഗ് കോളേജുകളിൽ നിന്നും എം.എസ്.സി (നഴ്സിംഗ്) വിജയിച്ച നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവരെയും ഇവരുടെ അഭാവത്തിൽ സ്വാശ്രയ കോളേജുകളിൽനിന്നും എം.എസ്.സി (നഴ്സിംഗ്) വിജയിച്ച നേഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവരെയും നിയമിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 17-08-2024 16:26:55
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.